KSFE

ദി കേരള സ്റ്റേററ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിററഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

നമ്പർ : 4155 തിയ്യതി : 08.12.2021

## സർക്കുലർ നമ്പർ : 93/2021 (P&HR)

വിഷയം: സംസ്ഥാന ലൈഫ് ഇൻഷൂറൻസ് പദ്ധതി(SLI), ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതി (GIS) - പ്രതിമാസം പ്രീമിയം കൂട്ടി അടക്കുന്നത് - സംബന്ധിച്ച്

സൂചന : 1. 12.01.2004 ലെ സ.ഉ(പി) നമ്പർ 25/2004 & 26/2004

2. 26.11.2021 ലെ സ.ഉ(പി) നമ്പർ 156/2021

3. 30.11.2021 ലെ സ.ഉ(പി) നമ്പർ 159/2021

4. സർക്കുലർ നമ്പർ 73/2020 (P&HR)

5. 18.02.2021 നും 10.03.2021 നും P&HR വിഭാഗത്തിൽ നിന്നും അയച്ച നോട്ടീസുകൾ

.......

മേൽസൂചന 4 അനുസരിച്ച് കമ്പനിയിലെ 50 വയസ്സിന് താഴെയുള്ള എല്ലാ ജീവനക്കാരോടും സംസ്ഥാന സർക്കാരിന്റെ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് (SLI), ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം (GIS) എന്നീ പദ്ധതികളിൽ അംഗമാകണമെന്ന് ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് അർഹരായ എല്ലാ ജീവനക്കാരും പ്രസ്തുത പദ്ധതികളിൽ അംഗമാവുകയും സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ നിബന്ധനകൾക്കനുസരിച്ചുള്ള പ്രതിമാസ പ്രീമിയം അടച്ച് അംഗത്വം എടുക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാമത്തെ തവണ മുതൽ ശമ്പളത്തിൽ നിന്ന് കുറവ് ചെയ്യുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ടെങ്കിലും, ഇനിയും ശമ്പളത്തിൽ നിന്ന് കുറവ് ചെയ്യുന്ന കാര്യത്തിൽ വീഴ്ച വന്നിട്ടുള്ള ആരെങ്കിലും ഉണ്ടെങ്കിൽ ഉടനടി P&HR വിഭാഗവുമായി ബന്ധപ്പെടേണ്ടതാണ് .

അടുത്ത കാലത്ത് സംസ്ഥാന/പൊതുമേഖലാ ജീവനക്കാരുടെ ശമ്പള സ്കെയിലുകൾ പരിഷ്കരിച്ച് ഉത്തരവ് ഇറങ്ങിയ സാഹചര്യത്തിൽ, ആയതിന് ആനുപാതികമായി SLI, GIS പ്രതിമാസ വരിസംഖ്യയുടെ കുറഞ്ഞ/പരമാവധി നിരക്കുകൾ പുതുക്കി നിശ്ചയിച്ചുകൊണ്ട് സൂചന (2), (3) പ്രകാരം സർക്കാർ ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്. അതനുസരിച്ച് എല്ലാ ജീവനക്കാർക്കും വരിസംഖ്യയുടെ (പ്രീമിയം) ഏറ്റവും കുറഞ്ഞ പ്രതിമാസ നിരക്ക്, 'പ്രതിമാസ വരുമാനത്തിന്റെ' 1.5 ശതമാനമായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. 'പ്രതിമാസ വരുമാനം' എന്നത് അടിസ്ഥാന ശമ്പളം, പേഴ്സണൽ പേ, സ്പെഷ്യൽ പേ, ഗ്രേഡ് പേ, ക്ഷാമബത്ത എന്നിവയുടെ ആകെ തുകയായിരിക്കും. ഇപ്രകാരം പ്രതിമാസ വരുമാനത്തിന്റെ 1.5% കണക്കാക്കി, 100 ന്റെ ഗുണിതമാക്കി മുകളിലേക്ക് റൗണ്ട് ചെയ്ത് പ്രതിമാസ വരിസംഖ്യ നിശ്ചയിക്കേണ്ടതാണ്. രണ്ട് പദ്ധതികൾക്കും ഇതേ നിരക്ക് ബാധകമായിരിക്കും .

### ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതി ( GIS)

ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (GIS) ചട്ടങ്ങൾ അനുസരിച്ച്, അധിക യൂണിറ്റുകൾ എടുക്കുന്നതിനുള്ള സമയം എല്ലാ വർഷവും സെപ്റ്റംബർ മാസമായിരിക്കും എന്ന് വ്യവസ്ഥയിൽ 2021 വർഷത്തേക്ക് മാത്രം ഇളവ് നൽകിയിട്ടുണ്ട്. നിലവിൽ ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതിയിൽ അംഗങ്ങളായ എല്ലാ ജീവനക്കാരും 2021 ഡിസംബർ മാസത്തെ ശമ്പളത്തിൽ നിന്ന് തന്നെ പുതുക്കിയ നിരക്കുകളിലേക്ക് നിർബന്ധമായും മാറേണ്ടതാണ്. (GIS പദ്ധതിയിൽ, നിരക്ക് കൂട്ടി അടക്കുന്നതിന് പുതിയ പോളിസി എടുക്കേണ്ടതില്ല. പകരം നിലവിലുള്ള പ്രതിമാസവരിസംഖ്യയുടെ കൂടെ ആവശ്യമായ തുക കൂട്ടി അടച്ചാൽ മതി). GIS പദ്ധതിയിൽ നിലവിൽ അടക്കുന്ന തുക ഇപ്പോഴത്തെ പ്രതിമാസ വരുമാനത്തിനു അനുസരിച്ച് മതിയാകുമെങ്കിൽ കൂട്ടി അടക്കണമെന്ന് നിർബന്ധമില്ല. 45 വയസ്സിന് മേലെയുള്ളവർക്ക് പുതുക്കിയ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള ഏറ്റവും കുറഞ്ഞ വരിസംഖ്യ നിരക്കിൽ നിന്ന് കൂട്ടി അടക്കുവാൻ സാധിക്കുകയില്ല. 45 വയസ്സിന് താഴെയുള്ളവർക്ക് തങ്ങളുടെ പ്രതിമാസ വരുമാനം അനുസരിച്ചുള്ള കുറഞ്ഞ വരിസംഖ്യയുടെ ഇരട്ടിവരെ അടക്കാമെങ്കിലും, അങ്ങനെ അടക്കാവുന്ന തുക പരമാവധി 2000 ആയി നിജപ്പെടുത്തിയിട്ടുണ്ട് (01.01.2022 ന് 45 വയസ്സ് തികയാത്ത ജീവനക്കാർ)

പുതുക്കിയ GIS വരിസംഖ്യ 2021 ഡിസംബർ മാസം തന്നെ മാറേണ്ടതിനാൽ നിലവിൽ GIS അംഗത്വമെടുത്ത് ശമ്പളത്തിൽ നിന്നും അടക്കുന്ന എല്ലാ ജീവനക്കാരുടെയും പുതുക്കിയ നിരക്ക് അനുസരിച്ചുള്ള അധിക തുക കൂടി ചേർത്ത് 2021 ഡിസംബർ മാസത്തെ ശമ്പളത്തിൽ നിന്നും കുറവു ചെയ്യുന്നതായിരിക്കും എന്ന് അറിയിച്ചുകൊള്ളുന്നു.

GIS തുക പ്രതിമാസ വരുമാനത്തിന്റെ 1.5% ത്തിൽ കൂടുതൽ അടക്കാൻ താല്പര്യമുള്ള ജീവനക്കാർ (**താല്പര്യമുള്ള ജീവനക്കാർ മാത്രം** )മിനിമം പ്രീമിയത്തിന്റെ 2 ഇരട്ടി വരെ (പരാമവധി 2000 രൂപ വരെ) കൂടിയ തുക ഡിസംബറിലെ ശമ്പളത്തിൽ നിന്ന് കുറവു ചെയ്യുന്നതിനുവേണ്ടി ആവശ്യമായ വിവരങ്ങൾ താഴെ കാണുന്ന ഫോർമാറ്റിൽ നിർബന്ധമായും 20.12.2021 ന് മുമ്പ് hr@ksfe.com ൽ അറിയിക്കേണ്ടതാണ് .

**ശാഖയുടെ പേര്, കോഡ്**

| ക്രമ നമ്പർ | ജീവനക്കാരന്റെ / ജീവനക്കാരിയുടെ പേര് | കോഡ് | നിലവിലുള്ള GIS പോളിസി നമ്പർ | നിലവിലെ പ്രീമിയം തുക | പുതിയ നിരക്കിൽ പിടിക്കേണ്ട മിനിമം തുക | 2021 ഡിസംബർ മുതൽ കുറവ് ചെയ്യേണ്ട പ്രീമിയം തുക |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |

**സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് (SLI)**

നിലവിലുള്ള SLI പോളിസികളുടെ ആകെ പ്രീമിയം തുക പ്രതിമാസ വരുമാനത്തിന്റെ 1.5% കണക്കാക്കി നിജപ്പെടുത്തിയ തുകയേക്കാൾ കുറവുള്ള പക്ഷം, പ്രസ്തുത ജീവനക്കാർ അഡീഷണൽ പോളിസി എടുക്കേണ്ടതാണ്. അഡീഷ്ണൽ SLI പോളിസിയുടെ ഏറ്റവും കുറഞ്ഞ പ്രതിമാസ പ്രീമിയം തുക 100 രൂപയായി തുടരുന്നതാണ്. 01.01.2022 ന് 50 വയസ്സ് പൂർത്തിയാക്കുന്ന ജീവനക്കാർക്ക് ഈ ഉത്തരവ് ബാധകമല്ല. ( SLI പദ്ധതിയിൽ പുതുക്കിയ പ്രീമിയം അനുസരിച്ച് 100 ന്റെ ഗുണിതങ്ങളായിട്ടുള്ള പുതിയ പോളിസികൾ എടുക്കാനെ സാധിക്കുകയുള്ളൂ. നിലവിലുള്ള പോളിസികളിൽ തുക കൂട്ടി അടക്കുവാൻ സാധിക്കുകയില്ല).

SLI യുടെ പുതുക്കിയ നിരക്ക് 01.02.2022 മുതൽ (2022 ജനുവരി മാസത്തെ ശമ്പളം) ബാധകമാകുന്നതാണ്. ആയതുകൊണ്ട് അർഹരായ എല്ലാ ജീവനക്കാരും തങ്ങളുടെ നിലവിലുള്ള പ്രതിമാസവരുമാനത്തിന് ആനുപാതികമായുള്ള പ്രീമിയം തുകക്ക് കുറവുള്ള പക്ഷം അഡീഷണൽ പോളിസി 31.01.2022 നു മുമ്പായി എടുക്കേണ്ടതാണ്.

പുതിയ SLI പോളിസികൾ എടുക്കുന്നവർ താഴെ കാണുന്ന ഫോർമാറ്റിൽ hr@ksfe.com വിവരമറിയിക്കേണ്ടതാണ്. SLI പോളിസികൾ എടുക്കേണ്ട അവസാന തിയതി 31.01.2022 ആണ് . 2021 ഡിസംബർ മാസം പുതിയ പോളിസികൾ എടുക്കുന്നവർ ആയത് 20.12.2021 നു മുൻപ് എടുത്ത് P&HR വിഭാഗത്തെ അറിയിക്കണം. 2022 ജനുവരിയിൽ പോളിസി എടുക്കുന്നവർ ആയത് 20.01.2022 നു മുൻപ് എടുത്ത് P&HR വിഭാഗത്തെ അറിയിക്കണം.

**ശാഖയുടെ പേര്, കോഡ്**

| ക്രമ നമ്പർ | ജീവനക്കാരന്റെ/ / ജീവനക്കാരിയുടെ പേര് | കോഡ് | നിലവിലുള്ള SLI പോളിസി നമ്പർ | നിലവിലുള്ള SLI പോളിസി കളുടെ പ്രീമിയം തുക | പുതിയ പോളിസി യുടെ നമ്പർ | പുതിയ പോളിസി യുടെ പ്രീമിയം തുക | പുതിയ പോളിസിയുടെ തുക കുറവ് ചെയ്തു തുടങ്ങേണ്ട മാസം |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |

എല്ലാ ശാഖാ/റീജിയണൽ മേധാവികളും തങ്ങളുടെ കീഴിലെ അർഹരായ എല്ലാ ജീവനക്കാരും മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ നിർദ്ദേശങ്ങളും സമയബന്ധിതമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. നിലവിൽ SLI, GIS അംഗത്വം എടുത്തിട്ടുള്ള പല ജീവനക്കാരുടെയും പ്രതിമാസ പ്രീമിയം അവരുടെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുന്നുണ്ടെങ്കിലും പലരും തങ്ങളുടെ പോളിസികളുടെ നമ്പർ (പ്രത്യേകിച്ചും GIS പദ്ധതിയുടെ പോളിസി നമ്പർ) ഇനിയും P&HR വിഭാഗത്തെ അറിയിച്ചിട്ടില്ല. പ്രസ്തുത പദ്ധതികളിൽ അംഗമായ എല്ലാവർക്കും തങ്ങൾ ആദ്യമായി പണമടച്ച അതാത് ജില്ലാ ഇൻഷ്വറൻസ് ഓഫീസിൽ നിന്നും SLI പദ്ധതിയുടെ പാസ് ബുക്കും പോളിസി ഡോക്യുമെൻ്റും GIS പദ്ധതിയുടെ പാസ് ബുക്കും ലഭിക്കും. അവ ഇനിയും വാങ്ങാത്ത വരുണ്ടെങ്കിൽ എത്രയും വേഗം വാങ്ങി ആവശ്യമായ പോളിസി വിവരങ്ങൾ P&HR വിഭാഗത്തെ അറിയിക്കേണ്ടതാണ്.

മറ്റു ഡിപ്പാർട്ട്മെന്റുകളിൽ നിന്നും ജോലി രാജിവെച്ച് KSFE സർവീസിൽ പ്രവേശിച്ച ജീവനക്കാർക്ക് അവരുടെ പഴയ SLI, GIS അക്കൗണ്ടുകൾ തുടരുന്നതിന് തടസ്സമില്ല എന്ന അറിയിച്ചിരുന്നു. അത്തരം ജീവനക്കാർ തങ്ങളുടെ നിലവിലുള്ള അക്കൗണ്ടുകൾ മുടക്ക് തീർത്ത് പുതിയ നിർദ്ദേശങ്ങൾക്കനുസൃതമായി തുക കൂട്ടി അടക്കേണ്ടതുണ്ടെങ്കിൽ ആയത് എത്രയും വേഗം P&HR വിഭാഗത്തെ അറിയിക്കേണ്ടതാണ് .

ഇവ സംബന്ധമായ സംശയങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ - 9447797713

**കെ.എസ്.എഫ്.ഇ യ്ക്കു വേണ്ടി**

**സുബ്രഹ്മണ്യൻ. വി.പി**
**മാനേജിംഗ് ഡയറക്ടർ**

To : എല്ലാ ശാഖ തലവന്മാർക്കും

പകർപ്പ് : 1. എല്ലാ മേഖല ഓഫീസ് മേധാവികൾക്കും
2. എല്ലാ എസ്.ഡി.ടി മേധാവികൾക്കും
3. എല്ലാ ഐ.എ.ഡി മേധാവികൾക്കും
4. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
5. എം. ഡിയുടെ പി.എ